# ഇൻഡോറും പലതരം നുണക്കഥകളും

**അങ്ങനെ** ഇൻഡോറിനും സിമി ബന്ധമായി. തലസ്ഥാന നഗരിയായ ദൽഹിയിൽ ഈയിടെയായി ഭീകരവേട്ട തീരെ കുറവാണ്. കേന്ദ്രത്തിലും സംസ്ഥാനത്തിലും കോൺഗ്രസ് സർക്കാറുകൾ ഭരിക്കുന്നതിൻെറ മെച്ചമാണോ ഇത്? ആണെന്നു പറയുക വയ്യ. തെരഞ്ഞെടുപ്പ് ജയിച്ചതിനുശേഷം മോഡിയുടെ സംസ്ഥാനത്തു നിന്ന് ഇത്തരം വാർത്തകളേ ഉണ്ടാവുന്നില്ല എന്നതു ശ്രദ്ധിക്കുക. മാത്രവുമല്ല മഹാരാഷ്ട്ര, ആന്ധ്രപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ഇത്രയേറെ വ്യാജ ഏറ്റുമുട്ടലുകളും കള്ളക്കേസുകളും സ്ഫോടനങ്ങളും ഉണ്ടാവേണ്ട കാര്യമില്ലായിരുന്നു. അദ്വാനിയുടെ കാലത്തെ 'പോലീസ് നവീകരണ പദ്ധതികൾ' ഏറ്റവും കൃത്യമായി നടപ്പാക്കുന്ന സംസ്ഥാനമാണ് ഒരുപക്ഷേ മഹാരാഷ്ട്ര. മുംബൈ കലാപക്കേസിന്റെ സൂത്രധാരനായിരുന്ന ഛഗൻ ഗുജ്ബൽ എന്ന പഴയ ശിവസേനാ നേതാവ് രണ്ടാമനായി നാടു ഭരിക്കുന്നത് അസാധാരണമായ ഈ മുസ്‌ലിംവേട്ടയുടെ ഒരു കാരണവുമാവാം. എങ്കിലും മൊത്തത്തിൽ പറഞ്ഞാൽ ഈ അസുഖത്തിന് അദ്വാനിയുടെ കാലത്തെ അത്ര കടുപ്പമില്ലെന്നു സമ്മതിക്കണം. എന്തെങ്കിലും ആവശ്യങ്ങൾ വരുമ്പോഴേ ഈയിടെയായി ഇത്തരം വേട്ടകൾ നടക്കുന്നുള്ളൂ.

അറസ്റ്റുകൾ പുനരാരംഭിച്ചതിന്റെ വാർത്തകൾ കേൾക്കുന്നത് ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനമായ മധ്യപ്രദേശിൽ നിന്നാണ്. അവിടെ നിത്യേനയെന്നോണം സിമിയുടെ വൻ ശൃംഖലകളാണ് പോലീസ് തകർക്കുന്നത്. മധ്യപ്രദേശ് തെരഞ്ഞെടുപ്പ് ആസന്നമാണ്. അദ്വാനി ആഭ്യന്തരമന്ത്രിയായ കാലത്ത് നിരോധിച്ച സിമിയുടെ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന സഫ്ദർ നഗോരിയെയും ഒപ്പമുള്ള ഒരു ഡസനോളം സിമിക്കാരെയും എട്ട് വർഷത്തിനു ശേഷം മധ്യപ്രദേശിലെ ഇൻഡോറിൽ നിന്നും പോലീസ് പിടികൂടിയതു തൊട്ടാണ് പുതിയ വേട്ടക്കഥകളുടെ തുടക്കം. എല്ലാ ഇത്തരം വേട്ടകൾക്കും ശേഷം പോലീസ് പറയുന്ന കഥയാണ് പിടിയിലായവർ നരേന്ദ്ര മോഡിയെയും അദ്വാനിയെയും വധിക്കാൻ ഗൂഢാലോചന നടത്തിയിരുന്നു എന്നത്. ഇൻഡോറിലും അതു തന്നെ പറഞ്ഞു. അദ്വാനിയെയും മോഡിയെയും വധിക്കാൻ ഗൂഢാലോചന നടത്തുന്നവർ അഹമ്മദാബാദിലേക്ക് വണ്ടി കയറുന്നതിനു പകരം എന്തിന് ഇൻഡോറിൽ തമ്പടിച്ചു പാർക്കണമെന്ന ലളിതമായ ചോദ്യം അവിടെ നിൽക്കട്ടെ. അന്തർ സംസ്ഥാന ഗൂഢാലോചനയാണല്ലോ അത്. നടപ്പാക്കണമെങ്കിൽ ഒന്നുകിൽ ടെലിഫോൺ ഉപയോഗിക്കണം; അല്ലെങ്കിൽ ഗുജറാത്തിലും ദൽഹിയിലും പിന്തുണക്കാൻ ആളുണ്ടാവണം. അതൊന്നും ഇക്കുറി പോലീസ് കണ്ടെത്തിയിട്ടില്ല. തുടക്കത്തിൽ പതിവുപോലെ പലതരം നുണക്കഥകളാണ് പോലീസ് പുറത്തു വിട്ടത്. പിടിയിലായ ശിബിലി പീടിയേക്കൽ എന്ന മലയാളി മുംബൈ ട്രെയിൻ സ്ഫോടനങ്ങളുടെ പേരിൽ പോലീസ് അന്വേഷിക്കുന്ന ആളാണത്രെ. മുംബൈ സ്ഫോടനത്തിനു മുന്നോടിയായി സിമിക്കാർ ഉജ്ജയിനിൽ യോഗം ചേർന്നിരുന്നുവെന്നും അക്കൂട്ടത്തിൽ ശിബിലി ഉണ്ടായിരുന്നുവെന്നുമാണ് മധ്യപ്രദേശ് പോലീസിനെ ഉദ്ധരിച്ച് മിക്ക ഏജൻസികളും തുടക്കത്തിൽ എഴുതിയത്. രണ്ടു ദിവസങ്ങൾക്കു ശേഷം മുംബൈ പോലീസിൻെറ വിശദീകരണം വന്നു: ഇൻഡോറിൽ അറസ്റ്റു ചെയ്ത ആർക്കെതിരെയും മഹാരാഷ്ട്രയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ഇവരിൽ ആരെയും പോലീസ് അന്വേഷിക്കുന്നില്ലെന്നുമില്ല.

പോലീസിന്റെ 'പ്രൈസ് ക്യാച്ച്' ആയി ചാനലുകൾ കൊട്ടിഘോഷിച്ച ശിബിലിക്കെതിരെ ആയുധ നിയമ പ്രകാരമാണ് ഒടുവിൽ കേസെടുക്കേണ്ടി വന്നത്. ആയുധം 'കണ്ടെടുക്കുന്നതിന്റെ' സൂത്രം അദ്വാനി പഠിപ്പിച്ചത് പോലീസുകാർ മറക്കാത്തതിൻെറ ഒരു ഭാഗ്യമേ! കേസിൻെറ ചിട്ടപ്പടി തൊണ്ടികൾ പൂർത്തിയാകണമെങ്കിൽ ഇനി വേണ്ടത് ലഘുലേഖകളാണ്. ഇവരുടെയൊക്കെ വീടുകളിൽ നിന്ന് ഉസാമാ ബിൻലാദിന്റെതു തൊട്ട് മക്കത്തെ പള്ളിയുടേതെങ്കിലും ചിത്രമുള്ള ഒരു മാസിക കണ്ടെത്തിയാൽ തന്നെ ധാരാളം. മാസിക അങ്ങാടിയിൽ വിറ്റതാണോ നാട്ടിലുള്ള സകല മനുഷ്യരുടെയും വീടുകളിൽ കിട്ടുന്നതാണോ എന്നതൊക്കെ അങ്ങ് കോടതിയിൽ. കേസിനുള്ള ഈ തൊണ്ടിമുതലും തപ്പി അപഹാസ്യമായ വേഷവിധാനങ്ങളോടെ അന്യഭാഷാ സംസ്ഥാനങ്ങളിലെ പോലീസുകാർ മുക്കത്തും ഈരാറ്റുപേട്ടയിലുമൊക്കെ പാഞ്ഞു നടക്കുന്നതിന്റെ വാർത്താ വിശേഷങ്ങളാണ് മാധ്യമങ്ങളിലുള്ളത്.

ഇൻഡോറിലെ കേസ് എങ്ങനെ അവസാനിക്കാൻ പോകുന്നു എന്നതിന് ഇപ്പോഴേ പറയാനാവുന്ന ഒരു സാധ്യതയുണ്ട്. ഹരിയാനയിലെ പാനിപ്പത്തിൽ കഴിഞ്ഞ വർഷം ജൂൺ അവസാനത്തിൽ നടന്ന ഒരു ഉന്നതതല പോലീസ് യോഗത്തെ കുറിച്ച് *ഇൻഡ്യൻ എക്സ്പ്രസ്* റിപ്പോർട്ടു ചെയ്ത വാർത്തയിലേക്കാണ് ഈ കേസ് നീളാൻ പോകുന്നത്. സംഝോത എക്സ്പ്രസിൽ ബോംബുവെച്ചവർക്ക് ഇൻഡോറുമായി ബന്ധമുണ്ടെന്നതിന് ചില തെളിവുകൾ ലഭിച്ചെങ്കിലും മധ്യപ്രദേശ് പോലീസിൻെറ നിസ്സഹകരണം മൂലം കേസുമായി മുന്നോട്ടു പോകാനാവുന്നില്ലെന്ന് ഹരിയാനാ പോലീസ് പരാതിപ്പെട്ടതിനെ തുടർന്നായിരുന്നു ഈ യോഗം നടന്നത്. ഇരു സംസ്ഥാനങ്ങളിലെയും പോലീസുകാർക്കിടയിൽ 'പഞ്ചായത്ത്' ഉണ്ടാക്കാൻ കേന്ദ്ര ആഭ്യന്തര സെക്രട്ടറിയും ഇന്റലിജൻസ് മേധാവിയും ഇടപെട്ടിരുന്നതായും റിപ്പോർട്ടിലുണ്ട്.

ഇൻഡോറിന് സിമി ബന്ധമില്ലെന്ന മധ്യപ്രദേശ് പോലീസിൻെറ കടുംപിടുത്തമായിരുന്നു ഹരിയാനാ പോലീസിന് കേസന്വേഷണത്തിന് തടസ്സമായത്. കേസിൽ ഉൾപ്പെട്ടത് സിമിയല്ല ബജ്റംഗ്ദൾ ആണെന്നും അതുകൊണ്ടാണ് മധ്യപ്രദേശ് പോലീസ് നിസ്സഹകരിച്ചതുമെന്നാണ് അണിയറക്കഥ. ഇത്തരം കേസുകൾ ഇന്ത്യയിൽ ഇപ്പോൾ എത്തിപ്പെടുന്ന പൊതു അവസ്ഥയനുസരിച്ച് ഇൻഡോറിലെ സിമി തടവുകാർ ഏതുസമയത്തും സംഝോത കേസിലെ പ്രതികൾ ആയിമാറുമെന്ന് സംശയിക്കാവുന്നതേ ഉള്ളൂ. എങ്കിലും ആശ്വാസകരമായ ചില മാറ്റങ്ങൾ കാണാനുണ്ട്. പ്രതികളെ പാകിസ്താൻ സംഘടനകളോടു ചേർത്തു പറയുന്ന പതിവിനു പകരം ബംഗ്ലാദേശ് സംഘടനകളിലേക്കാണ് ഇപ്പോൾ വലിച്ചുകെട്ടുന്നത്. ഇന്ത്യയുടെ സ്വന്തം ഭീകരർ കരുത്താർജ്ജിക്കുന്നതായും പോലീസ് ഏമാൻമാർ കണ്ടെത്താൻ ആരംഭിച്ചിട്ടുണ്ട്. ഒന്നുകിൽ ലശ്കറെ ത്വയ്ബക്കാർ നല്ല കുട്ടികളായി, അല്ലെങ്കിൽ പാകിസ്താന്റെ കാര്യത്തിൽ വായ തുറക്കരുതെന്ന് അമേരിക്കൻ സമ്മർദം മുറുകി. ഈ രാഷ്ട്രീയക്കാരുടെ ഓരോ കളികളേയ്! ■